(ബി) സ്ലൂൾ കെട്ടിടത്തിന്റെ സ്ലക്ച്ചർ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു.

(സി) കെട്ടിട നിർമ്മാണം 2015 നവംബറിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

നബാർഡ് സഹായത്തോടെയുള്ള റോഡ് നവീകരണം

241 (3992) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 മാർച്ച് 31-ന് നബാർഡ് സഹായത്തോടെ തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം റോഡുകൾ നവീകരിക്കുവാൻ ശുപാർശ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; ഇതിന്മേലുള്ള നടപടിക്രമങ്ങൾ എത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) കിളിമാന്നൂർ പോങ്ങനാട് കല്ലമ്പലം റോഡ് നവീകരണം പ്രസ്തുത ശുപാർശയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇതിനായി എന്ത് തുകയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) പൊതുമരാമത്ത് വകുപ്പിനുള്ള ഈ വർഷത്തെ നബാർഡ് അലോക്കേഷൻ ആയിട്ടില്ല.

നബാർഡ് സഹായത്തോടെയുള്ള പ്രവൃത്തികൾ

242 (3993) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2014-15 സാമ്പത്തിക വർഷത്തിൽ നബാർഡ് സഹായത്തോടെയുള്ള ഏതെല്ലാം പ്രവൃത്തികൾക്കാണ് ആലപ്പുഴ ജില്ലയിൽ ഭരണാനുമതി നൽകിയിട്ടുള്ളത് ; പ്രവൃത്തിയുടെ പേര്, നിയോജകമണ്ഡലം, അടങ്കൽ തുക എന്നിവ സഹിതം വിശദാംശം നൽകാമോ ?

ഉത്തരം

2014-15 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ RIDF-XX സ്കീമിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ടുണ്ട്:

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	നിയോജക മണ്ഡലം	അടങ്കൽ തുക (രൂപ ലക്ഷത്തിൽ)
1	ഹരിപ്പാട് ഡീവിയേഷൻ റോഡിന്റെ മാധവ ജംഗ്ഷൻ മുതൽ ആശുപത്രി ജംഗ്ഷൻ വരെയുള്ള ഭാഗത്തെ പുനരുദ്ധാരണം, ടൗൺഹാൾ ജംഗ്ഷൻ മുതൽ ഏഴിക്കകത്ത് ജംഗ്ഷനും പിള്ളത്തോടും വരെയുള്ള ഡ്രെയിനും, നടപ്പാതയും നിർമ്മാണം.	ഹരിപ്പാട്	463.00
2	നെടുമുടി - കരുവാറ്റ റോഡിൽ മുത്തല കുറിച്ചിക്കലിലെ ലേഡിംഗ് ചാനലിന് കുറുകെയുള്ള പാലം നിർമ്മാണം.	ഹരിപ്പാട്	2825.00

പൊന്നാനി-ഏലത്തൂർ തീരദേശ റോഡ് നിർമ്മാണം

243 (3994) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർദ്ദിഷ്ട പൊന്നാനി-ഏലത്തൂർ തീരദേശ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

നിർദ്ദിഷ്ട തീരദേശ റോഡ് വല്ലാർപാടം മുതൽ വെങ്ങളം വരെയാണ്. ഇപ്പോൾ പൊന്നാനി മുതൽ കോഴിക്കോട് ഫ്രാൻസിസ് റോഡ് വരെയാണ് വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നത്. 117 കോടി രൂപ ഇതിന് അനുവദിച്ച് ആർ.ബി.ഡി.സി.കെ. മുഖേന പ്രവൃത്തി ആരംഭിച്ചെങ്കിലും ആശാൻപടി മുതൽ 4.5 കി.മീറ്റർ നിർമ്മാണം മാത്രമേ പൂർത്തീകരിച്ചുള്ളൂ. ഭരണാനുമതി നൽകിയ ബാക്കി ഭാഗത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഘട്ടം ഘട്ടമായി നടന്നുകൊണ്ടിരിക്കുകയാണ്. തീരപ്രദേശത്ത് സ്ഥലമേറ്റെടുക്കുന്നതിന് ശക്തമായ എതിർപ്പും നേരിടുന്നുണ്ട്. നിർദ്ദിഷ്ട തീരദേശ റോഡിൽ ഏലത്തൂർ വരെയുള്ള ഭാഗം ഉൾപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly